**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

19.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.2667

## നന്നംമുക്കിൽ പോളിടെക്നിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിലെ നന്നംമുക്കിൽ പോളിടെക്നിക്കിനായി അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുത്ത് ഇതുവരെ സ്ഥാപനം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | നന്നംമുക്ക് ടെക്നിക്കൽ ഹൈസ്കൂൾ കാമ്പസിൽ പോളിടെക്നിക് ആരംഭിക്കുന്ന വിഷയം മുൻപ് പരിശോധിച്ചിരുന്നു. എങ്കിലും സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പ്രസ്തുത പദ്ധതി 2013-ൽ ഉപേക്ഷിച്ചിരുന്നു. വിവിധ വർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 6 പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതിൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | തൊട്ടടുത്ത സ്ഥലങ്ങളിലൊന്നും സർക്കാർ പോളിടെക്നിക് ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇതനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽ എത്ര പോളിടെക്നിക്കുകൾ അനുവദിച്ചു എന്ന് വിശദമാക്കുമോ; ഇതിൽ സർക്കാർ, എയ്ഡഡ് എന്നിവ പ്രത്യേകം ഇനം തിരിച്ച് ഏവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ? | (സി) | എയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകൾ അനുവദിച്ചിട്ടില്ല. എന്നാൽ സ്വാശ്രയ മേഖലയിൽ 9 പോളിടെക്നിക്കുകൾ അനുവദിച്ചിട്ടുണ്ട്.<br>1. അൽ-അഷർ പോളിടെക്നിക് കോളേജ്, തൊടുപുഴ.<br>2. സെന്റ് മേരീസ് പോളിടെക്നിക് കോളേജ്, പാലക്കാട്.<br>3. മാദിൻ പോളിടെക്നിക് കോളേജ്, മലപ്പുറം.<br>4. മലബാർ പോളിടെക്നിക് കോളേജ്, പാലക്കാട്.<br>5. ഏരീസ് പോളിടെക്നിക് കോളേജ്, പാലക്കാട്.<br>6. ഇന്ദിരാഗാന്ധി പോളിടെക്നിക് കോളേജ്, കോതമംഗലം. |

7. കെ.എം.സി.റ്റി. പോളിടെക്നിക് കോളേജ്, മലപ്പുറം.
8. എം.ഡി.ഐ.റ്റി പോളിടെക്നിക് കോളേജ്, മലപ്പുറം.
9. ഓർഫനേജ് പോളിടെക്നിക് കോളേജ്, മലപ്പുറം.

3.6.2015 ലെ G.O(MS) 229/2015/H.Edn നം. ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 6 സർക്കാർ പോളിടെക്നിക്കുകൾ ആരംഭി ക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വിളപ്പിൽശാല (തിരുവനന്തപുരം) 2. ഹരിപ്പാട് (ആലപ്പുഴ) 3. മഞ്ചേരി (മലപ്പുറം) 4. മുക്കം (കോഴിക്കോട്) 5. നടുവിൽ (കണ്ണൂർ) 6. മാനന്തവാടി (വയനാട്).

സെക്ഷൻ ഓഫീസർ